**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5006** **14-03-2023 - ൽ മറുപടിയ്ക്ക്**

**കരാറുകാർക്ക് നൽകുവാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് നൽകുവാനുള്ള കുടിശിക എത്രയാണ്; കുടിശിക നൽകാത്തതിന്റെ പേരിൽ കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ, നിരത്തു പരിപാലനം, പാലങ്ങൾ വിഭാഗങ്ങളിൽ 01/07/2022 മുതൽ 31/12/2022 വരെ കരാറുകാർക്ക് നൽകുവാനുള്ള കുടിശിക തുക 808.50 കോടി രൂപയാണ്. കെട്ടിട വിഭാഗത്തിൽ കരാറുകാർക്ക് നൽകുവാനുള്ള കുടിശിക 311.22 കോടി രൂപയാണ്. ദേശീയപാത വിഭാഗത്തിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് പണം നൽകുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് നൽകുവാനുള്ള കുടിശിക 65,18,997/- രൂപയാണ്. കേന്ദ്ര സർക്കാർ (MoRTH) ഫണ്ട് ലഭ്യമാക്കാത്തതിനാൽ FDR (c) ഇനത്തിൽ 1,57,41,546/- രൂപയുടെയും OR(c) ഇനത്തിൽ 49,33,439/- രൂപയുടെയും ബിൽ കുടിശിക ടി വിഭാഗത്തിൽ ഉണ്ട്.<br><br>കുടിശിക നൽകാത്തതിന്റെ പേരിൽ കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാത്ത സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ